# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1999** **22/01/2014-ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധനവും തുറമുഖവും വകുപ്പുകൾ ഭരണാനുമതി നൽകിയ കോഴിക്കോട് ജില്ലയിലെ പദ്ധതികൾ.**

| ചോദ്യം<br>ശ്രീ. കെ. ദാസൻ | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) 2013-14 ബഡ്ജറ്റിൽ ഫിഷറീസ് തുറമുഖ വകുപ്പുകളിൽ ഭരണാനുമതി നൽകി കോഴിക്കോട് ജില്ലയിൽ നടപ്പാക്കാനുദ്ദേശിച്ച പദ്ധതികൾ ഏതെല്ലാം? ഓരോ പദ്ധതിയുടേയും ബഡ്ജറ്റ് വിഹിതം എത്ര? വിശദമായി വ്യക്തമാക്കാമോ? | : | 2013-14-ൽ ബഡ്ജറ്റിൽ ഫിഷറീസ് തുറമുഖ വകുപ്പുകളിൽ ഭരണാനുമതി നൽകി കോഴിക്കോട് ജില്ലയിൽ നടപ്പാക്കാനുദ്ദേശിച്ച പദ്ധതികൾ താഴെ ചേർക്കുന്നു. |

| ക്രമ നം. | ബഡ്ജറ്റ് ഹെഡ് | ബഡ്ജറ്റ് വിഹിതം (തുക ലക്ഷത്തിൽ) | റിമാർക്സ് |
|---|---|---|---|
| **2013-14-ൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ** | | | |
| 1) | ഡെവലപ്മെന്റ് ഓഫ് മറൈൻ ഫിഷറീസ് ഇൻഫ്രാസ്ട്രക്ച്ചർ & പോസ്റ്റ് ഹാർവസ്റ്റ് ഓപ്പറേഷൻ (4405-00-104-62) | 300.00 | കേരളത്തിലെ നിലവിലുള്ള പൂർത്തീകരിച്ച 7 മത്സ്യബന്ധന തുറമുഖ പദ്ധതികളുടെ മെയിന്റനൻസ് ഡ്രെഡ്ജിംഗിനുള്ള തുകയാണ് ടി ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ മെയിന്റനൻസ് ഡ്രെഡ്ജിംഗിനായി 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 1216 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 2) | നബാർഡ് പദ്ധതി 4405-00-800-82 | 1300.00 | നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായ കേരളത്തിലുടനീളമുള്ള പ്രവൃത്തികൾക്കാണ് ടി ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. ഇതിൽ കോഴിക്കോട് ജില്ലയിലെ ഉൾനാടൻ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളായ കണയൻകോട് (97 ലക്ഷം) പാലിയാട്നട (92 ലക്ഷം) |

| | | | |
|---|---|---|---|
| | | | എന്നിവയുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 3) | തീരദേശറോഡുകളുടെ നിലവാരം ഉയർത്തൽ (4405–00–800–80) | 5500.00 | കേരളത്തിലുടനീളമുള്ള തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനുള്ള തുകയാണ് ടി ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ കോഴിക്കോട് ജില്ലയിൽ 2013–14–ൽ 32 റോഡുകൾക്ക് 1174.91 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 4) | ഓപ്പറേഷൻ മാനേജ്മെന്റ് & മെയിന്റനൻസ് ഓഫ് ഫിഷിംഗ് ഹാർബർ (2405–103–97–18 മെയിന്റനൻസ് | 200.00 | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനു കീഴിലുള്ള വിവിധ അറ്റകുറ്റപ്പണികൾക്കാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുള്ളത്. കോഴിക്കോട് ജില്ലയിൽ ടി ശീർഷകത്തിൽ ഉൾപ്പെടുത്തി 6 പ്രവൃത്തികൾക്കായി 42.60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| 5) | (5051–80–001–95) പുതിയാപ്പ ഓഫീസ് കോംപ്ലക്സിന്റെ നിർമ്മാണം | 150.00 | പുതിയാപ്പ ഓഫീസ് കോംപ്ലക്സിന്റെ നിർമ്മാണത്തിനായി 210 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.. |
| 6) | മോഡണൈസേഷൻ, റിസർച്ച് & ഡെവലപ്മെന്റ് – എച്ച്ഇഡി (5051 –80–001–98) | 300.00 | ടി ശീർഷകത്തിൽ പുതിയാപ്പ പ്രോജക്ട് ഹൗസിന്റെ വിപുലീകരണത്തിനായി 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.. |
| 7) | 3051–02–101–98 കൺസ്ട്രക്ഷൻ & റിപ്പയേഴ്സ് | 42.35 | ടി ശീർഷകത്തിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ 3 പ്രവൃത്തികൾ 447188 രൂപ ചെലവാക്കി പൂർത്തിയാക്കിയിട്ടുണ്ട്. |

**<u>മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച് തുടർന്നുവരുന്ന പ്രവൃത്തികൾ</u>**

| | | | |
|---|---|---|---|
| 8) | വെള്ളയിൽ മത്സ്യ ബന്ധന തുറമുഖ പദ്ധതി (4405–00–104–70) (75% സി.എസ്.എസ്) | 400.00 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 9) | കൊയിലാണ്ടി മത്സ്യ ബന്ധന തുറമുഖ പദ്ധതി (4405–00–104–80) (50% സി.എസ്.എസ്) | 0.00 | പ്രവൃത്തി പുരോഗമിച്ചുവരുന്നു.ശേഷിക്കുന്ന ഘടകങ്ങൾ ഉൾപ്പെടെ പദ്ധതിയുടെ തൃപ്തികരമായ പൂർത്തീകരണത്തിന് 6574 ലക്ഷം രൂപയുടെ കോംപ്രിഹെൻസീവ് റിപ്പോർട്ട് കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| 10) | ഡെവലപ്മെന്റ് ഓഫ് മറൈൻ ഫിഷറീസ് ഇൻഫ്രാസ്ട്രക്ച്ചർ & പോസ്റ്റ് ഹാർവസ്റ്റ് ഓപ്പറേഷൻ (4405–00–104–62) | 300.00 | കോഴിക്കോട് ജില്ലയിലെ ചോമ്പാൽ ഫിഷിംഗ് ഹാർബർ (415 ലക്ഷം)– പ്രവൃത്തി പുരോഗമിച്ചുവരുന്നു. ബേപ്പൂർ (43 ലക്ഷം) ഡ്രഡ്ജിംഗ് പ്രവൃത്തി KSMDC മുഖേന നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| 11) | നബാർഡ് പദ്ധതി 4405–00–800–82 | 1300.00 | കോഴിക്കോട് ജില്ലയിലെ കാപ്പാട്–കൊയിലാണ്ടി റോഡ് നിർമ്മാണ (929 ലക്ഷം) പ്രവൃത്തി പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചു; ഏതെല്ലാം പൂർത്തിയായി? ഏതെല്ലാം നടപടികൾ തുടരുന്നു; വ്യക്തമാക്കാമോ? | ബി) | **<u>2013–14–ൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ</u>**<br>1) പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് പ്രവൃത്തിയ്ക്കായി 1216 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>2) നബാർഡ് ആർ.ഐ.ഡി.എഫ്–19 ൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായ കണയംകോട് (97.00 ലക്ഷം) പാലിയാട്നട (92.00 ലക്ഷം) എന്നീ ഉൾനാടൻ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെ സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.<br>3) 2013–14 സാമ്പത്തികവർഷത്തിൽ തീരദേശറോഡുകളുടെ നവീകരണത്തിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ 32 റോഡുകൾക്ക് 1174.91 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്..<br>4) ഓപ്പറേഷൻ മാനേജ്മെന്റ് & മെയിന്റനൻസ് ഓഫ് ഫിഷിംഗ് ഹാർബർ എന്ന ശീർഷകത്തിൽ കോഴിക്കോട് ജില്ലയിൽ വിവിധ പ്രവൃത്തികൾക്കായി 42.60 ലക്ഷം രൂപക്ക് അനുമതി നൽകിയിട്ടുണ്ട്..<br>5) പുതിയാപ്പയിൽ ഓഫീസ് കോംപ്ലക്സിന്റെ നിർമ്മാണത്തിനായി 210 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതനുസരിച്ച് ദർഘാസ് പരിശോധിച്ചു വരുന്നു.<br>6) പുതിയാപ്പ പ്രോജക്ട് ഹൗസിന്റെ വിപുലീകരണത്തിനായി 90 ലക്ഷം രൂപയുടെ |

ഭരണാനുമതി ലഭിച്ചതനുസരിച്ച് പ്രവൃത്തി പുരോഗമിച്ചുവരുന്നു.

7) 3051-02-101-98 കൺസ്ട്രക്ഷൻ & റിപ്പയേഴ്സ് ശീർഷകത്തിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ 3 പ്രവൃത്തികൾ 447188 രൂപ ചെലവാക്കി പൂർത്തിയാക്കിയിട്ടുണ്ട്.

**<u>മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച് തുടർന്നു വരുന്ന പ്രവൃത്തികൾ</u>**

8) വെള്ളയിൽ മത്സ്യബന്ധന തുറമുഖ പദ്ധതി (3930.20 ലക്ഷം രൂപ) പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

9) കൊയിലാണ്ടി മത്സ്യബന്ധന തുറമുഖ പദ്ധതി (3545.00 ലക്ഷം രൂപ) പുലിമുട്ടുകളുടെ നിർമ്മാണം, വാർഫ്, ലേലപ്പുര, റിക്ലമേഷൻ ബണ്ട് എന്നിവ പൂർത്തിയായി. ഓവർഹെഡ് വാട്ടർ ടാങ്ക്, കിണർ എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ശേഷിക്കുന്ന അനുബന്ധ ഘടകങ്ങൾ സ്ഥലം നികത്തിയെടുത്തതിനുശേഷമേ നടപ്പിലാക്കുവാൻ സാധിക്കുകയുളളൂ. ബേസിനിൽ മണലിന്റെ അഭാവവും നാട്ടുകാരുടെ എതിർപ്പും മൂലം റിക്ലമേഷൻ പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഗ്രാവലി എർത്ത് ഉപയോഗിച്ച് റിക്ലമേഷൻ നടത്തേണ്ടതുണ്ട്. പുലിമുട്ടിന്റെ നിർമ്മാണവേളയിൽ ഉണ്ടായ സിങ്കേജ് മൂലവും ഗ്രാവലി എർത്ത് ഉപയോഗിച്ച് റിക്ലമേഷൻ പ്രവൃത്തി ചെയ്യേണ്ടതുമൂലവും പദ്ധതിയുടെ എസ്റ്റിമേറ്റ് തുക വർദ്ധിക്കുകയും അതനുസരിച്ച് പദ്ധതിയുടെ തൃപ്തികരമായ പൂർത്തീകരണത്തിന് തയ്യാറാക്കിയ 6574.00 ലക്ഷം രൂപയുടെ കോമ്പ്രിഹെൻസിവ് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

10) 50% സി.എസ്.എസിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായ ചോമ്പാൽ ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് (415 ലക്ഷം രൂപ) പ്രവൃത്തി

| | | | | |
|---|---|---|---|---|
| | | | | പുരോഗമിച്ചുവരുന്നു. ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റെ ഡ്രെഡ്ജിംഗ് (43 ലക്ഷം) പ്രവൃത്തിയ്ക്കായി പലതവണ ദർഘാസ് ക്ഷണിച്ചെങ്കിലും ക്രമീകരിക്കാൻ സാധിക്കാത്തതിനാൽ കെ.എസ്.എം.ഡി.സി. മുഖേന ഡ്രെഡ്ജ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| | | | 11) | നബാർഡ് ആർ.ഐ.ഡി.എഫ്-15 ൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയ കാപ്പാട് കൊയിലാണ്ടി റോഡ് (929 ലക്ഷം രൂപ) നിർമ്മാണപ്രവൃത്തി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ